കർമ്മല കുസുമം.

പുസ്തകം ൫ം.) ഫൻഫ മെയ്; (ലക്കം ൫.

മംഗളം.

രക്ഷമാനുഷനനൽകിട്ടുന്നതി-
ന്നിക്ഷമാതലമതിങ്കൽജാതനായ്
പക്ഷമാണ്ടു കുരിശിൽമരിച്ച നാ-
ല്ലക്ഷമാനിധിസദാപികാത്തിട്ടും.

വിശ്വാസപ്രമാണത്തിന്റെ ന്യ-ാം ഭാഗം.

(താൻ) പാതാളങ്ങളിൽ ഇറങ്ങി; മൂന്നാംനാൾ മരിച്ചവരിൽ നിന്നു ഉത്ഥാനം ചെയ്തു.

താൻ പാതാളങ്ങളിൽ ഇറങ്ങി, എന്ന വാക്കുകൾ ഈശോ മ്ശിഹായുടെ മരണത്തിന്റെശേഷം അദ്ദേഹത്തിന്റെ ആത്മാവു്, തന്റെ ദൈവത്വത്തോടു യോജിച്ചു, നരകപാതാളത്തിൽ നിന്നും ശുദ്ധീകരണത്തിന്റെ കാരാഗൃഹത്തിൽ നിന്നും വ്യത്യാസപ്പെട്ട സ്ഥലമായ 'ലിംബോ' എന്ന വിശേഷനാമമുള്ള അധോലോകത്തിന്റെ ഒരു ഭാഗത്തിലേക്കു അവരോഹണം ചെയ്തു എന്ന അർത്ഥം സൂചിപ്പിക്കുന്നു. പൂർവ്വ നിയമത്തിലെ നീതിമാന്മാരുടെ ആത്മാക്കൾ രക്ഷിതാവു വന്നു, അവർക്കു സ്വർഗ്ഗവാതിലുകളെ തുറന്നുകൊടുക്കുന്നേ ദിവസം വരുത്തുകൊണ്ടു താമസിച്ചിരുന്ന സ്ഥലവും ഇതുതന്നെയായിരുന്നു.

അവസാനത്തിൽ ആ ഭാഗ്യായത്തമായ ദിവസം പ്രഭാതമായി; ഈശോ മ്ശിഹാ നമ്മുടെ വീണ്ടെടുപ്പിന്റെ വേലയെ പൂർത്തിയാക്കിയശേഷം താൻ തന്നെ തന്റെ ആഗമനത്തെ ഉത്സാഹപൂർവ്വം ആകാംക്ഷിച്ചുകൊണ്ടിരുന്ന നീതിമാന്മാർക്കും ഈ സന്തോഷവർത്തമാനത്തെ അറിയിപ്പാൻ നിശ്ചയിച്ചു.

ഇതിനാൽ ന. രക്ഷിതാവിന്റെ ആത്മാവു് ശരീരത്തിൽ നിന്നു വേർപിരിഞ്ഞ ഉടനെ മഹിമയാലും ഭാഗ്യത്താലും പരിവൃതമായി ലിംബോയിൽ ഇറങ്ങി തന്റെ സൌരൂപ്യത്തിന്റെ പ്രതാപത്തേയും ദൈവത്വത്തിന്റെ അവർണ്ണനീയ ശോഭയേയും ആ പരിശുദ്ധ

ന്മാരെ ക്കാണിച്ചു. അവർ തങ്ങളുടെ രക്ഷിതാവിനേയും ദൈവത്തേയും അഭിമുഖമായി കണ്ടപ്പോൾ, മുക്തിപ്രാപുന്മാരുടെ ആനന്ദത്താൽ പരവശന്മാരായിത്തീർന്നു.

ഈശോമ്ശിഹാ മഹാപിതാവായ ആദം മുതൽ തന്റെ വളർത്തുപിതാവായ വി. യൌസേപ്പുവരെക്കും അതുമല്ല, സ്ലീവായിൽ വച്ചു താൻ രക്ഷിച്ച ആ നല്ലകള്ളൻവരെക്കും തന്റെ എല്ലാ പ്രിയദാസന്മാരുടെയും ആത്മാക്കളെ അതുല്യങ്ങളായ സ്നേഹവാത്സല്യങ്ങളാൽ സന്തോഷിപ്പിച്ചു. അവർക്കു മോക്ഷമന്ദിരദ്വാരങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു എന്നും, താൻ അവരെ അവിടേക്കു കൊണ്ടുപോവാൻ വന്നിരിക്കുന്നു എന്നും, എന്നാൽ ഇതിനുമുമ്പായി താൻ മരിച്ചവരിൽ നിന്നു ആദ്യനായി ഉത്ഥാനം ചെയ്യണമെന്നും അറിവിച്ചു.

തങ്ങളുടെ ദിവ്യ അതിഥിയെ എപ്പോഴും സൽക്കരിച്ചുകൊണ്ടിരുപ്പാൻ അനുഗ്രഹിച്ചിരുന്ന ഈ വിശുദ്ധാത്മാക്കൾ അങ്ങനെ അവരെ വിട്ടുപിരിവാൻ പോകുന്നു എന്നു കാണുകയിൽ അവർ അങ്ങേ സസന്തോഷം അനുയാനംചെയ്യു, അങ്ങേ കല്ലറവരേ ബഹുമാനാർത്ഥം അംഗരക്ഷകന്മാരായിപ്പോയി എന്നും നിശ്ചയമായി ഊഹിക്കണം.

ഈശോയുടെ ആത്മാവു തന്റെ ശരീരത്തിന്റെ വിശ്രമസ്ഥലമായ കല്ലറയിൽ പ്രവേശിക്കയിൽ അവർ തങ്ങളുടെ രക്ഷയ്ക്കായി ആപാദമൂർദ്ധം പ്രണകിണാങ്കിതമായി കിടക്കുന്ന ആ ദിവ്യ ശരീരത്തെ വാക്കിലടങ്ങാത്ത വ്യാകുലത്തോടെ കണ്ടു. തൽക്ഷണം നമ്മുടെ രക്ഷിതാവിന്റെ ദിവ്യ ആത്മാവു് മരണം ഭേദിച്ചുകളഞ്ഞ രണ്ടു രഹസ്യബന്ധനപാശത്തെ പുതുതാക്കി ശരീരത്തോടു യോജിക്കയും, അതിനെ പുതിയ ജീവനാൽ ഉദ്ധരിക്കയും ചെയ്തു.

ഇപ്പോൾ പറഞ്ഞ സംഗതികളിൽ നമ്മുടെ പ്രത്യേക ചിന്തക്കു അർഹതയുള്ള മൂന്നു കാര്യങ്ങളുണ്ടു്.

൧. ഈശോമ്ശിഹായുടെ വരവിനുമുമ്പു എത്രയും വലിയ പരിശുദ്ധക്കുടെയും സ്വർഗ്ഗവാതിൽ അടക്കപ്പെട്ടിരുന്നു. അങ്ങനെ നമുക്കുവേണ്ടി മരിച്ചിട്ടില്ലായിരുന്നുവെങ്കിൽ ആസ്ഥിതിയിൽതന്നെ നാമും ഇപ്പോഴും ഇരുന്നേനെ.

൨. ഈശോമ്ശിഹായുടെ ശരീരത്തിൽ നിന്നു വേർപിരിഞ്ഞ ആത്മാവു് തന്റെ ദൈവത്വത്തോടു യോജിപ്പിക്കപ്പെട്ടിരുന്നു. ഇനി അവതമ്മിൽ ഒരുനാളും വേർപിരികയില്ല. ഈശോമ്ശിഹായുടെ മരണത്തിങ്കൽ ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞു. എന്നാലും അവ അങ്ങേ ദിവ്യ അളിൽ നിന്നു മാറപ്പെട്ടില്ല.

൩. അങ്ങേ ആത്മാവു ശരീരത്തിൽ നിന്നു വേർപിരിഞ്ഞയുടനെ മഹിമയുടേയും ഭാഗ്യത്തിന്റെയും അംശഗ്രാഹി ആയതുകൂടാതെ നിസ്തുല്യ സൌന്ദര്യത്താലും ദൈവത്തിന്റെയും ദൈവഭൂതന്മാരുടേയും നേത്രങ്ങളിൽ അശോചരപ്രതാപത്തോടെ ശോഭിക്കുന്ന അതുയും മാണിക്യങ്ങളാൽ എങ്ങനെയോ അങ്ങനെ എല്ലാ പുണ്യങ്ങളാലും അലങ്കരിക്കപ്പെട്ടു.

പ്രിയ സഹോദരന്മാരെ! മരണനേരത്തു നമ്മുടെ ആത്മാവിന്റെ അവസ്ഥ എന്തായിരിക്കും? ഇതു് നാം ഇപ്പോൾ അവയെ എല്ലാ പാപക്കറകളിൽ നിന്നു ശുദ്ധീകരിപ്പാനും, ഈശോമ്ശിഹായുടെ സ്ലീവായുടെ നിമിത്തങ്ങൾക്കും ദുഃഖങ്ങൾക്കും നാം ഓഹരിക്കാരാകുവാനും ശ്രമിക്കുന്ന ഉത്സാഹത്തിന്റെ അളവനുസരിച്ചിരിക്കും. "ഈശോമ്ശിഹായോടുകൂടെ കഷ്ടമനുഭവിക്കാത്തവൻ ഈശോമ്ശിഹായോടുകൂടെ മഹിമയും അനുഭവിക്കയില്ല."



സുവിശേഷ വിവരണം.

"ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങളുടെ പിതാക്കന്മാർ വനത്തിൽ വച്ചു മന്നാ ഭക്ഷിച്ചാറെയും മരിച്ചു. ഈ അപ്പമോ എന്നാൽ യാതൊരുത്തൻ ഇതിൽനിന്നു ഭക്ഷിച്ചാൽ അവൻ മരിക്കാതിരിക്കേണ്ടതിന്നായിസ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വന്നിട്ടുള്ളതാകുന്നു. സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. യാതൊരുത്തൻ ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നന്നേക്കും ജീവിക്കും. എന്നാൽ ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി എന്റെ മാംസമാകുന്നു. അപ്പോൾ യൂദന്മാർ, നമുക്കു ഭക്ഷിപ്പാനായി തന്റെ മാംസം തരുവാൻ ഇവനു കഴിയുന്നതു എങ്ങിനെ? എന്നു തമ്മിൽ തമ്മിൽ വഴക്കു വാദിച്ചിരുന്നു. അപ്പോൾ ഈശോ അവരോടു അരുളിച്ചെയ്തതായ്തു. ഞാൻ സത്യമായിട്ടു, സത്യമായിട്ടു നിങ്ങളോടു പറയുന്നു. നിങ്ങൾ മനുഷ്യൻപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ ജീവൻഉണ്ടാകയില്ല. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. ഞാൻ ഒടുക്കത്തെ ദിവസത്തിൽ അവനെ ഉയിർപ്പിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം സത്യമായ ഭോജനവും, എന്റെ രക്തം സത്യമായ പാനീയവും ആകുന്നു. എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. ജീവിക്കുന്ന പിതാവു എന്നെ അയച്ചിരിക്കയും ഞാൻ പിതാവിനാൽ ജീവിക്കയും ചെയ്യുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവനും എനാൽ ജീവിക്കും. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിയ അപ്പം ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചിട്ടും മരിച്ചതുപോലെ അല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നന്നേക്കും ജീവിക്കും." (വി. യോഹന്നാൻ സു. രണ്ടു. ഒൻ.)

വിവരണം:— പരിശുദ്ധ കുമ്പസായെക്കുറിച്ചുള്ള ഈ ഉത്തമപ്രസംഗം, നമ്മുടെ കർത്താവീശോമ്ശിഹാ ഈ ലോകത്തിൽ സഞ്ചരിച്ചുവരികയിൽ കഫർണാവും നഗരത്തിലെ ജപക്രൂട്ടത്തിൽവച്ചു യൂദജനത്തോടു അരുളിച്ചെയ്തതാണു. ദൈവത്തിനു മനുഷ്യന്റെനേരെയുള്ള അളവില്ലാത്ത കാരുണ്യം പ്രദർശിപ്പിക്കുന്നതിനാൽ 'ദിവ്യകാരുണ്യം' എന്നു കൂടി പറയപ്പെടുന്ന ഈ മഹാ ക്രമാശയെക്കുറിച്ചു ഇത്ര സ്പഷ്ടമായിമ്ശിഹാകർത്താവു തന്നെ പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്തില്ലായെന്നുവരികിൽ മനുഷ്യരിൽ ആരു ഈ പരമരഹസ്യത്തെ വിശ്വസിക്കുമായിരുന്നു. താൻ ഇത്ര വ്യക്തമായി പ്രസംഗിച്ചിട്ടും പ്രസംഗം കേട്ടവരിൽ ചിലർ ഇതു വിശ്വസിപ്പാൻ പ്രയാസമെന്നു പറഞ്ഞു് ഒഴിഞ്ഞുപോയതായി സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്നു. എന്നാൽ സത്യവിശ്വാസിയായ ഒരു ക്രിസ്ത്യാനിയുടെ ആത്മാവിനു ഈ പ്രസംഗവും ഇതിന്റെ

ഓരോ ഭാഗങ്ങളും എത്രയോ മധുരിക്കപ്പെട്ടവയായിരിക്കുന്നു!

൫. "സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന ജീവനുള്ളഅപ്പം ഞാനാകുന്നു" എന്നു ഈശോമിശിഹാ അരുളിച്ചെയ്യുന്നു. പൂർവ്വത്തിൽ ഇസ്രായേൽ ജനം വാഗ്ദത്തത്തിൽക്കുടെ പ്രയാണംചെയ്ത കാലങ്ങളിൽ ദൈവം മന്നായെന്ന ജീവനില്ലാത്ത അപ്പം ഇറക്കി അവർക്ക് യാവനയായിട്ടു കൊടുത്തു. ഇതുപോലെ ജീവനില്ലാത്ത അപ്പമല്ല, പരിശുദ്ധ കുർബാനയിൽ അപ്പത്തിൻ സാദൃശ്യങ്ങളിൽ എഴുന്നള്ളിയിരിക്കുന്ന ഈശോമിശിഹാ ജീവനുള്ള അപ്പമാണ്; താൻ ആകാശത്തിൽനിന്നു ഇറങ്ങിയവനുമാണ്. പട്ടക്കാരൻ ക്രൂശാവചനങ്ങൾ ഉച്ചരിക്കുന്ന മാത്രയിൽ ദൈവികവല്ലഭത്തോൽ അപ്പത്തിൻറെ കാതൽ മാറി ഈശോ മ്ശിഹായുടെ തിരുശ്ശരീരമായി തീരുന്നു. എന്നാൽ ഇപ്പോൾ ഈശോ മ്ശിഹായുടെ തിരുശ്ശരീരം ജീവനോടെ ഇരിക്കുന്ന സ്ഥിതിക്ക്, തിരുശ്ശരീരത്തോടുകൂടെ തിരുച്ചോരയും മാനുഷസ്വഭാവവും ദൈവസ്വഭാവവും അഥവാ ഈശോ മ്ശിഹാ പൂർണ്ണമായി എഴുന്നള്ളിവരുന്നു. ഇപ്രകാരം ഈശോ മ്ശിഹാ ആകാശത്തിൽ നിന്ന് ഇറങ്ങിയ ഉയിരുള്ള അപ്പമായിട്ട് നമ്മുടെ മദ്ധ്യേ പ്രസന്നനായിരിക്കുന്നു.

൬. "എൻറെ മാംസം ഭക്ഷിക്കുകയും എൻറെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" എന്നു അങ്ങീന്നു അരുളിച്ചെയ്യുന്നു. ഇതാ ശുദ്ധ കുർബാനകൈക്കൊള്ളുന്ന ആളിൻറെ ഭാഗ്യം. ഈശോമിശിഹാ അയാളിലും അയാൾ ഈശോമ്ശിഹായിലും ഒന്നായി യോജിക്കുന്നു. അപ്പത്തിൻറെ സാദൃശ്യങ്ങൾ കെട്ടുപോകുന്നതുവരെയും ഈശോമിശിഹാ പൂർണ്ണമായിട്ടു കൈക്കൊള്ളുന്ന ആളിനോടു ഒരു വസ്തുപോലെ ചേർന്നിരിക്കുന്നു. ഹാ! ഇതെന്തൊരു ഭാഗ്യം! ഇതെന്തൊരു അത്ഭുതം! ദൈവവുംമനുഷ്യനും ഇത്രഉന്നതമായ വിധത്തിൽ യോജിക്കുന്നതിന്മേൽ ധ്യാനിക്കുന്ന ആത്മാവെ! നിൻറെഹൃദയത്തിൽ ഈശോമിശിഹാ കർത്താവിനെ കൈക്കൊണ്ടതിനെഉത്തമമായിസ്നേഹിക്കുന്നതിനും, ആരാധിക്കുന്നതിനും, ഉപകാരസ്മരണ ചെയ്യുന്നതിനുംശ്രമിച്ചുകൊൾക. നിനക്കുവേണ്ടിയിരിക്കുന്ന സകല നന്മകളേയും അപേക്ഷിക്കുന്നതിനു ഈ സമയത്തേക്കാൾ തക്ക സമയം വേറൊന്നില്ല. ആകയാൽ ശുദ്ധ കുർബാന കൈക്കൊള്ളുപ്പോടിൻറെശേഷമുള്ള (വിലമതിച്ചുകൂടാത്ത നേരത്തിൻറെ ഒരു മിനിട്ടെങ്കിലും പല വിചാരങ്ങൾക്കും അന്യചിന്തകൾക്കും ചിലവഴിക്കാതെ ഉപയോഗിപ്പാൻ ശ്രമിച്ചുകൊൾക.

൭. "ജീവിക്കുന്ന പിതാവു എന്നെ അയച്ചിരിക്കയും, ഞാൻ പിതാവിനാൽ ജീവിക്കയും ചെയ്യുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവനും എന്നാൽ ജീവിക്കും" എന്നു കർത്താവു അരുളിച്ചെയ്യുന്നു. ഇതാ ശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനാലുണ്ടാകുന്ന ഫലം. എന്തെന്നാൽ ശുദ്ധ കുർബാന ഉൾക്കൊള്ളുന്നവൻ ഈശോ മ്ശിഹായുടെ ജീവിതം ജീവിക്കുന്നതിനുള്ള ശക്തി പ്രാപിക്കുന്നു; പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞിട്ടു പുതിയ മനുഷ്യനെ ധരിച്ചു, പുതിയ മനുഷ്യനുടുത്ത ജീവിതം കഴിക്കുന്നതിനുള്ള നൽമനസ്സും വശവും ലഭിക്കുന്നു. ഈ ഫലങ്ങൾ ശുദ്ധ കുർബാന കൈക്കൊള്ളുന്ന ഓരോരുത്തൻറെ ഒരുക്കങ്ങളും ആസ്ഥപ്പാടുംപോലെ കൂടിയും കുറഞ്ഞും വരാം. ഈശോ മ്ശിഹായുടെ സാദൃശ്യത്തിൽ ജീവിക്കുന്നവരല്ലാതെ നിത്യായുസ്സിൽ പ്രവേശിക്കയില്ല. ആകയാൽ ഉരുമാറിവിടുവാൻ തക്കവണ്ണം നമ്മെ പകർത്തി പുതിയജീവൻ നമുക്കു നൽകുന്ന ഈ അപ്പം "ജീവൻറെ അപ്പമാകുന്നു". നിത്യായുസ്സിൻറെ അച്ചാരവുമാകുന്നു. സകല ജീവൻറെയും ഉള്ളാഴ്ചയുടെയും ഉറവയും മൂലവുമാകുന്ന ബാവാതമ്പുരാനിൽ നിന്നു

ഈശോ മ്ശിഹാ (മാനുഷസ്വഭാവമുറ
ണ്ടു) ജീവൻ പ്രാപിച്ചിരിക്കുന്നവിധത്തി
ൽ, നാമെല്ലാവരും ഈ പരിശുദ്ധ ക്രൂ
ദാശ വഴിയായി ഈശോ മ്ശിഹായി
ൽ നിന്നു ജ്ഞാനജീവൻ പ്രാപിച്ചു ത
ന്നാലെ ജീവിക്കണമെന്നത്രേ മേല്പറയ
പ്പെട്ടിരിക്കുന്ന തിരുവാക്യത്തിന്റെ ഉ
ദ്ദേശം. ആകയാൽ നാമൊരോരുത്തൻ
ശുദ്ധ കുർബാന കൈക്കൊണ്ടതിന്റെശേ
ഷം, "എന്റെ ഈശോയെ! എന്നെ തി
രുഹൃദയത്തിനു് യോഗ്യനാക്കിത്തീർക്ക
ണമെ" എന്നും, "എന്റെ കർത്താവെ!
ഇനി ഞാനല്ല ജീവിക്കുന്നതു, നീയത്രേ
എന്നിൽ ജീവിക്കേണ്ടതു" എന്നും മറ്റും
കർത്താവിനോടു അപേക്ഷിക്കുന്നതു വള
രെ ഫലസിദ്ധിയുള്ളതായിരിക്കുന്നു.

ദേവമാതാവിന്റെ നേരെ യുള്ള ഭക്തി.

വിശുദ്ധ ഹെർമ്മനൊസ്, പരി
ശുദ്ധ മറിയത്തിൻ തിരുനാമം ഉച്ചരിക്ക
പ്പെടുന്നതു കെട്ടാലുടൻ അതിവഭക്തി
യോടെ നിലത്തു സാഷ്ടാംഗം വീണ് ചും
ബനം ചെയ്തു പതിവായിരുന്നു. ഉൻഗ
രിയായിലെ മെത്രാനായിരുന്ന വിശുദ്ധ
ഒദീലൊ പരിശുദ്ധ മാതാവിൻ തിരു
നാമം കേട്ടിരുന്നപ്പോഴൊക്കെയും തലയി
ൽനിന്നു തൊപ്പിമാറ്റി ഭക്തിപൂർവ്വം ആ
ചാരം ചെയ്തിരുന്നതുമല്ലാതെ, തന്റെ
ആജ്ഞാനുസരണികളെല്ലാം അപ്രകാരം
ചെയ്യുന്നതിനു പ്രമാണിക്കയും ചെയ്തിരു
ന്നു. കർത്തീനാ ദെസ്സീന എന്ന പു
ണ്യവതി ശൈശവം മുതൽക്കെ ദൈവ
ജനനിയുടെ നേരെയുള്ള ഭക്തിയിൽ വി
ശേഷമായി ശോഭിച്ചിരുന്നു. ആ പുണ്യ
വതി പാർത്തിരുന്ന മാളികയിൽ ഗോവ
ണിപടി കയറുകയൊ ഇറങ്ങുകയൊ
ചെയ്തിരുന്നപ്പോഴൊക്കെയും ഓരൊ പ
ടിയ്ക്കൽ "മറിയമെ നിനക്കു സ്വസ്തം" എ
ന്നു ചൊല്ലുക പതിവായിരുന്നു.

വിശുദ്ധ ബെർണ്ണാർദ്, മാതാവിന്റെ
രൂപം കണ്ടിരുന്നപ്പൊഴൊക്കെയും മറിയ
മെ! നിനക്കു സ്വസ്തം എന്നു ചൊല്ലി
തല കുനിഞ്ഞു ആചാരം ചെയ്തിരുന്നു.
ഇപ്രകാരം ഒരു ദിവസം മാതാവിന്റെ
സ്വരൂപം കണ്ടു ഈ വന്ദനം പറഞ്ഞ
പ്പോൾ, അത്ഭുതമായി ആ സ്വരൂപവും
"ബെർണ്ണാർദെ നിനക്കു സ്വസ്തം" എന്നു
ത്തരിച്ചു.

വാഴ്ത്തപ്പെട്ട അലാനുസ് ദെറുപ്പെ
എന്ന ദേഹം എല്ലായ്പോഴും ഏതുപ്രവൃ
ത്തിയെങ്കിലും ചെയ്യുന്നതിനു മുമ്പായി മു
ട്ടുകുത്തി ഒരു "നന്മനിറഞ്ഞ മറിയം"
ചൊല്ലി മാതാവിന്റെ മദ്ധ്യസ്ഥം യാചി
ക്കുപതിവായിരുന്നു.

ഒരു പുണ്യവതി അവരുടെ മരണ
ശേഷം വേറൊരു കന്യാസ്ത്രീക്ക് പ്രത്യ
ക്ഷയായി പറഞ്ഞതായത്: ഒരു നന്മ
നിറഞ്ഞ മറിയം ചൊല്ലുന്നതിനുവേണ്ടി
പാട്ടണ്ടെങ്കിൽവീണ്ടും ലോകത്തിൽവന്നു
മുമ്പു ഞാൻ അനുഭവിച്ചിരുന്ന പീഡക
ളൊക്കെയും ലോകാവസാനംവരെ സഹി
പ്പാൻ ഞാൻതയ്യാറായിരിക്കുന്നു. ഈ ജ
പത്തിന്റെ യോഗ്യത അത്ര അധികമാ
യിരിക്കുന്നു.

സ്വർഗ്ഗപ്രാപ്തയായ വിശുദ്ധ പ്രാൻസീ
സ് അസ്സീസി പരിശുദ്ധ മാതാവിന്റെ
സ്തുതിക്കായി ദിവസത്തിൽ അനേകം
പ്രാവശ്യം നന്മനിറഞ്ഞമറിയം ജപി
ച്ചിരുന്നു. ഇദ്ദേഹം പറഞ്ഞിരുന്നതെ
ന്തെന്നാൽ, ഞാൻ നന്മനിറഞ്ഞമറിയമെ!
നിനക്കു സ്വസ്തി" എന്നു ചൊല്ലുമ്പോൾ,
ആകാശം തെളിയുകയും മാലാഖമാർ
സന്തോഷിക്കയും ഭൂലോകം ആനന്ദിക്ക
യും പിശാചുക്കൾ ഓടിപ്പോകയും ചെ
യ്യുന്നു. പരിശുദ്ധ മറിയത്തിൻ തിരുനാ
മം വിളിക്കുമ്പോൾ, തീയിലിട്ട മെഴുകു
പോലെയും കാറ്റത്തു പറക്കുന്ന പൊ
ടിപോലെയും, ദുഷ്ടാത്മാക്കളുടെ പട്ടാ
ളം ചിതറിപ്പോകുന്നു."

വിശുദ്ധ ബ്രിജീത്തായുടെ പുത്രിയായ കത്രീനാപുണ്യവതി ദിവസംതോറും നാലു മണിക്കൂർനേരം നിലത്തു മുട്ടുകുത്തിനിന്നുകൊണ്ടും അശ്രുധാര ഒഴുക്കിക്കൊണ്ടും മാലാഖായുടെ ഈ വന്ദനം പരിശുദ്ധ മറിയത്തിനുസമർപ്പിച്ചിരുന്നു.

ലൂക്കാ 2.

മാധുര്യശീലം.

"സാധുശീലർ ഭാഗ്യവാന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും" എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. (മത്തായി ൫. ൪.)

ഈ വേദവാക്യത്തിൽ ഭൂമി എന്നു പറഞ്ഞിരിക്കുന്നതു് വി. ഈറാനിമോസ്, ആഗുസ്തീനോസ് മുതലായ വേദപാരഗന്മാർ വ്യാഖ്യാനിക്കുംപ്രകാരം ജീവിക്കുന്നവരുടെ ഭൂമിയായ ആകാശമോക്ഷമാണെന്നും ആത്മികഭൂമിയായ ഹൃദയസമാധാനമെന്നുമത്രെ മുഖ്യമായി ഗ്രഹിക്കേണ്ടതു്.

മാധുര്യശീലത്തെപ്പറ്റി വിശുദ്ധ പ്രാൻസീസ് സാലെസ് ഇപ്രകാരം പറയുന്നു: ഹൃദയമാധുര്യവും സൌമ്യതയും വിരക്തിയെക്കായിലും, എന്നല്ല, ശേഷമെല്ലാ പുണ്യങ്ങളെക്കായിലും ഏറ്റം വിശിഷ്ടമായിട്ടുള്ളവയാകുന്നു. എന്തുകൊണ്ടെന്നാൽ മാധുര്യശീലം, പുണ്യങ്ങളുടെ രാജ്ഞിയായ ഉപവിയുടെ അന്യൂനം അഥവാ പൂർണ്ണതയാകുന്നു. സാക്ഷാൽ ഉപവി പരിപൂർണ്ണതയാണെന്നു പറയണമെങ്കിൽ, അതിനു ക്ഷമമാത്രം ഉണ്ടായിരുന്നാൽ പോരാ, കനിവും മാധുര്യവുംകൂടി ആവശ്യമാണ്. ആയതുകൊണ്ടു മാധുര്യഗുണത്തെ നാം ഏതുമേ സാരമായി മതിച്ചു് അതിനെ സമ്പാദിപ്പാൻ സൂക്ഷ്മതയും ചെയ്യേണ്ടതാണ്.

പ്രസ്തുത പുണ്യവാൻ ഈ സൽഗുണത്തെ അത്യധികമായി മതിച്ചു് ഇതിനെപ്പറ്റി കൂടക്കൂടെ രസകരമായി പ്രസംഗിക്കുമായിരുന്നു. ഈ മഹാത്മാവു സകല പുണ്യങ്ങളിലും പരിപൂർണ്ണനായിരുന്നെങ്കിലും ഈ പുണ്യത്തിൽ വിശേഷമായി പ്രകാശിച്ചിരുന്നു. സകലരേയും ആകർഷിക്കുന്നതിനു ഒരു അസാധാരണമായ മനോമാധുര്യവും തന്റെ മുഖത്തും ദൃഷ്ടിയിലും സംസാരത്തിലും സമസ്ത പ്രവൃത്തികളിലും വിളങ്ങിക്കൊണ്ടിരുന്നു. ആയതിനാൽ മൂശനിവ്യായെക്കുറിച്ചു, ദിവ്യരൂപാദർശം സാക്ഷിച്ചിരിക്കുന്നതുപോലെ, ഈ ഭൂലോകത്തെക്കുറിച്ചും, ആ കാലത്തു ലോകത്തിൽ ജീവിച്ചിരുന്ന സകല മനുഷ്യരിൽവെച്ചും അത്യന്തം സാധുശീലനും ദയാലുവും ആയിരുന്ന എന്നു ന്യായമായി പറയാവുന്നതാണു്. വിശുദ്ധ മറിയ ദെ ഷന്താൽ ഇദ്ദേഹത്തെപ്പോലെ ഇത്ര സൌമ്യതയും മാധുര്യവും കരുണയും ഉള്ള ഹൃദയത്തോടുകൂടിയ ഒരു മനുഷ്യനെ താൻകണ്ടിട്ടില്ലെന്നും വിശുദ്ധ വിൻസെൻറു ദെപ്പൌൾ ഈമഹാത്മാവിന്റെഅപൂർവ്വമായ വാക്കുമാധുര്യവും മുഖപ്രസാദവും നിമിത്തം എല്ലാവരുടെ ഹൃദയങ്ങളെയും ആകർഷിച്ചിരുന്ന ദിവ്യരക്ഷിതാവിന്റെ ഒരു പ്രതിമയായി തനിക്കു തോന്നിയിരുന്നു എന്നും സാക്ഷിക്കുന്നു.

മാലാഖായിക്കുട്ടത്തു മാർ തൊമ്മാ മല്പാൻ ഈ പുണ്യത്തെപ്പറ്റി പറയുന്നതാവിതു്: "മാധുര്യശീലം ഏറ്റം വിശിഷ്ടമായ ഒരു പുണ്യമാണ്. ഇതിലത്രെ സാക്ഷാൽ മാഹാത്മ്യം അടങ്ങിയിരിക്കുന്നതു്. ആകയാൽ ലോകസ്നേഹിതന്മാരിൽ മിക്കപ്പോഴും ഈ മാധുര്യഗുണം കാണപ്പെടുന്നില്ല. കാരണം, അവക്കു യഥാർത്ഥമായ മാഹാത്മ്യം ഇല്ല. ഒരുപക്ഷെ വല്ലപ്പോഴും അവരിൽ അതുള്ളതായി തോന്നിയാലും വളരെ ദുർല്ലഭമായും അപൂർണ്ണമായും മാത്രമെ ഉണ്ടായിരിക്കയുള്ളു. അവർ ആദ്യം നല്ല മധുരമായും സൌമ്യതയും ഉള്ള വാക്കുകൾ പ്രയോഗിച്ചിരുന്നാലും പിന്നീടു അവക്കു

ഏതെങ്കിലും സ്വല്പമായ ഒരു ഉപദ്രവം തട്ടിക്കഴിയുമ്പോൾ ഉടൻ അവരുടെ സ്വഭാവംമാറി എത്രയും കഠിനമായി കോപിക്കയും കിട്ടിയതിനെക്കാൾ പതിന്മടങ്ങു അധികമായി പ്രതികാരംചെയ്കയും ഇങ്ങിനെ തങ്ങൾ മാഹാത്മ്യമില്ലാഹീനരാണെന്നു പ്രത്യക്ഷത്തിൽ കാണിക്കയും ചെയ്യുന്നു. എന്നാൽ ദൈവശ്രീയേശുക്രിസ്തുവോ നേരെ മറിച്ചു അവരെ ശേഷംപേർ ദോഷാരോപണങ്ങൾകൊണ്ടോ ദുഷ്പ്രവൃത്തികൾമൂലമോ എങ്ങിനെയെല്ലാം ഉപദ്രവിച്ചാലും എല്ലായ്പോഴും അവരുടെ സമാധാനവും ശാന്തതയും ക്ഷമയുമായി കാക്കയും ഇപ്രകാരം തങ്ങൾ സാക്ഷാൽ മഹാത്മാക്കളും വിശിഷ്ടരുമാണെന്നു തെളിയിക്കയുംചെയ്യുന്നു"

പ്രസ്തുത വേദപാരഗൻ തന്റെ ഈ അഭിപ്രായത്തെ സ്വാന്ത ദൃഷ്ടാന്തങ്ങൾ മൂലം സ്ഥിരീകരിക്കയും ചെയ്തിരുന്നു. തന്റെ അനിതരസാധാരണമായ ശാസ്ത്രനൈപുണ്യം നിമിത്തം അന്നു ക്രൈസ്തവലോകത്തെ സൂര്യസമാനംപ്രകാശിപ്പിച്ചിരുന്ന ഈ മഹാത്മാവു തനിക്കു എന്തെല്ലാം ഉപദ്രവങ്ങളും നിന്ദാവമാനങ്ങളും നേരിട്ടിരുന്നാലും ഒരിക്കലും കോപിക്കയാകട്ടെ വിരസഭാവം കാണിക്കയാകട്ടെ ചെയ്തിരുന്നില്ല. എല്ലാപ്പോഴും എല്ലാ സന്ദർഭങ്ങളിലും വാടാത്ത പുഷ്പംപോലെ വികസിച്ചിരുന്ന തന്റെ ആത്മിക സമാധാനം അതിന്റെ മാധുര്യ സൌരഭ്യത്തെ പുറമെ സകലരിലേക്കും വീശിയിരുന്നു.

മഹാനായ കൊൻസുന്തീനോസ് ചക്രവർത്തി ഈ സൽഗുണത്തെ അതിവിശേഷമായി മതിച്ചാചരിച്ചിരുന്നവരിൽ ഒരുവനായിരുന്നു. ഒരിക്കൽ തന്റെ പ്രജകളിൽ ഒരുവൻ തന്റെ നേക്കു വലുതായ ഒരു ധിക്കാരം കാണിച്ചാറെ ചക്രവർത്തിതിരുമനസ്സുകൊണ്ടു തനിക്കു സഹജമായ ശാന്തതയോടുകൂടി ക്ഷമിച്ചതല്ലാതെ യാതൊരു ഭാവപ്പകർച്ചയുംപോലും കാണിച്ചില്ല. അപ്പോൾ അവിടത്തെ ഭൃത്യന്മാർ ആ ചണ്ഡാളനെ ശരിയായി ശിക്ഷിക്കണമെന്നും ഇത്ര വലിയ ധിക്കാരം ക്ഷമിക്കേണ്ടതല്ല എന്നും ഉണർത്തിച്ചാറെ മഹാനായ കൊൻസുന്തീനോസ് മന്ദഹാസത്തോടും മാധുര്യത്തോടും കൂടി കൈകൊണ്ടു രണ്ടു കണ്ണുംപൊത്തി "ഞാൻ ഒരു ധിക്കാരവും കാണുന്നില്ല" എന്നു മറുപടി പറഞ്ഞു. ഈ മഹാനുഭാവന്റെ ദൃഷ്ടാന്തം ശേഷം ആളുകൾക്കു ഒരു ദീക്ഷയായ പ്രസംഗത്തെക്കാൾ വലുതായ ഫലം ഉളവാക്കി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

ആകയാൽ നാമും സാക്ഷാൽ മഹാത്മാവാകണമെന്നു ഇച്ഛിക്കുന്നെങ്കിൽ മിശിഹായുടെയും അവിടത്തെ ഉചിതാനുഗാമികളായ വിശുദ്ധന്മാരുടെയും മാധുര്യശീലം കണ്ടുപഠിപ്പാൻ സർവ്വോപരി ശ്രമിക്കേണ്ടതാണു്.

ഫാദർ .ഇ

ചെറുപ്പക്കാരുടെ മദ്ധ്യസ്ഥനായ

വി. ളൂവീസ് ഗൊൻസാഗായുടെ ജീവചരിത്രം.

വി. ളൂവീസ് ലൊംബാർഡിയിലെ ഒരു സ്വതന്ത്രരാജ്യവും അദ്ദേഹത്തിന്റെ പിതാവിനാൽ ഭരിക്കപ്പെട്ടുവന്നതുമായ കസ്റ്റിലിയോനിലെ കൊട്ടാരത്തിൽ ൧൫൬൮ാം വത്സരത്തിൽ മാർച്ച്മാസം ൯-ാംനു- ജാതനായി. അദ്ദേഹം പിറന്നയുടനെതന്നെ നിശ്ചയമായും മരിക്കുമെന്നു തോന്നിയതിനാൽ ഐഹികപ്രകാശം കണ്ട അതൃക്ഷണംതന്നെ ജ്ഞാനസ്നാനം ചെയ്യപ്പെട്ടു. അകയാൽ പുണ്യവാന്റെ തിരുനാൾ ദിനത്തിൽ വായിക്കപ്പെടുന്നതായത്, അയാൾ ഇഹത്തിനു പിറക്കപ്പെട്ടന്നതിനു മുമ്പെതന്നെ പരത്തിനു പിറക്കയും അത്യന്ത്യലഭ്യമായ ഈ വരപ്രസാദത്തിൽ സ്ഥിര

പ്പെട്ടത്തപ്പെട്ടുവെന്നു തോന്നത്തക്കവണ്ണം അതിനെ യാതൊരിക്കലും നഷ്ടമാക്കാതിരിക്കുകയും ചെയ്തു. ഇവ ക്ഷരംപ്രതി ശരിയെന്നു പറയേണ്ടിയിരിക്കുന്നു. തന്റെ മാതാപിതാക്കന്മാരുടെ എട്ടുസന്താനങ്ങളിൽ വച്ചു അദ്ദേഹം ജ്യേഷ്ഠപുത്രനായിരുന്നു. മാതാപിതാക്കന്മാർ ഇരുവരും ഭിന്നോദ്ദേശങ്ങളോടെയെങ്കിലും തന്റെ മേൽഗതിയെ ഏതുയും തീണ്ടുമായി ആശംസിക്കാതിരുന്നില്ല. പിതാവു് അദ്ദേഹത്തിന്റെ സ്ഥാനമാനങ്ങളെ മകനെ ഏല്പിക്കുന്നതിനു് അത്യന്താഗ്രഹിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ അയാൾ കസ്റ്റിഗ്ലിയോന്റെ പ്രഭു ആയിരുന്നതോടുകൂടി ഹോളി റോമൻ എമ്പയറിലെ രാജകുമാരന്മാരിൽ ഒരാളുമായിരുന്നു. എന്നാൽ തന്റെ മാതാവിന്റെ അപേക്ഷ അവനെ മുഴുവനും ദൈവശുശ്രൂഷയ്ക്കു കയ്യാളിക്കുന്ന ഒരു പുത്രനാക്കിതീർക്കണമെന്നായിരുന്നു. ഇതു കൂടാതെയും അതിന്റെ ആദ്യപ്രവൃത്തിയെ ദൈവത്തിൻപക്കലേക്കു തിരിച്ചു വിടുന്നതിനായി തന്റെ മകനു വിവേചനാശക്തിയുണ്ടാകുന്ന പ്രായത്തെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്തു. എന്നാൽ വി. ളൂവീസ് പദങ്ങളെ ശരിയായി കൂട്ടി ഉച്ചരിക്കുന്നതിനു പഠിച്ചതിനു മുമ്പിൽ ആകാശങ്ങളിലിരിക്കുന്നതും നന്മനിറഞ്ഞ മറിയവും ചൊല്ലുന്നതിനു പഠിപ്പിക്കപ്പെട്ടുകഴിഞ്ഞു. പാടുള്ളപ്പോഴെല്ലാം ഏകാന്തമായി പ്രാർത്ഥിക്കത്തക്കവണ്ണം അദ്ദേഹം നമസ്കാരത്തിൽ അതിതല്പരനായിരുന്നു. തന്റെ അമ്മക്കു ഇവയിന്മേൽ വളരെ പ്രീതിയും സന്തോഷവും ഉണ്ടായിരുന്നെങ്കിലും പിതാവു് ഇവയൊന്നിനേയും ഇഷ്ടപ്പെട്ടിരുന്നില്ല. വി. ളൂവീസിനെ ചെറുപ്പം തുടങ്ങി തന്നെ ഒരു വലിയ പടയാളിയാക്കണമെന്നു വിചാരമുണ്ടായിരുന്ന പിതാവു് നമ്മുടെ ളൂവീസിനു നാലു വയസ്സു മാത്രം പ്രായമുള്ളപ്പോൾ തന്റെ കുടുംബത്തിലുൾപ്പെട്ട ഒരു പ്രത്യേക ഉപാദ്ധ്യായന്റെ കീഴിലാക്കി.

ഇങ്ങനെയിരിക്കുമ്പോൾ തന്റെ പിതാവിന്റെ മേധാവികളായ തുർക്കികൾക്കെതിരായി ഒരു സേനയെ നയിക്കുന്നതിനുള്ള ഉത്തരവുകിട്ടി. ഈ അവസരത്തിൽ അയാൾ ഏറ്റം സ്നേഹിച്ചിരുന്ന സൌമ്യശീലനായ പുത്രന്റെ യുദ്ധനൈപുണ്യങ്ങളെ വെളിക്കാക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചു. വി. ളൂവീസ് കയ്യിൽ കുന്തവും, അരയിൽ വാളും നെഞ്ചത്തു കവചവും എന്നുവേണ്ടാ ആപാദമൂഡം ആയുധഭൂഷണനായി കണ്ടസമയം പിതാവിനു വളരെ ആമോദം ജനിച്ചുവെങ്കിലും മാതാവു് ഏതുയും ദുഃഖത്തോടും മനഃപ്പീഡയോടും കൂടി പുത്രനെ ചുംബിച്ചയച്ചു. ളൂയീസ് കൊട്ടാരംവിട്ടു പടയാളികളുടെ കൂടാരത്തിലേക്കു പോകയിൽ മുഴുഹൃദയത്തോടെ മകനെ ദൈവജനനിയുടെ പക്കൽ കയ്യാളിക്കയും ചെയ്തു.

എന്നാൽ നമ്മുടെ ളൂയിസിനു തന്റെ നൂതനസ്ഥിതിയിലെ സമ്പ്രദായങ്ങളൊന്നും രസിച്ചില്ലെന്നില്ല. എന്തെന്നാൽ തന്റെ ബോധം വെടിമരുന്നുമുതലായ കളിക്കോപ്പുകളാൽ ഉജ്ജ്വലമാക്കപ്പെട്ടിരുന്നു. യുദ്ധാഭ്യാസ പരിചയത്തിനിടയ്ക്കു ഒരിക്കൽ താൻ പടയാളികളെല്ലാവരുടെയും സ്തുതിക്കു പാത്രമാകത്തക്കവണ്ണം ഇതിനെ ഉപയോഗിച്ചു. എന്നാൽ ഇതിൽ നിന്നൊഴിച്ചുകൂടാത്ത അപകടങ്ങളിൽ നിന്നു എല്ലായ്പോഴും താൻ സ്വതന്ത്രനായിരുന്നില്ല. എങ്ങിനെയെന്നാൽ ഒരിക്കൽ ഒരു തോക്കിന്റെ മരുന്നിനു തീ വയ്ക്കുമ്പോൾ തന്റെ അരയിലുണ്ടായിരുന്ന മരുന്നുപാത്രത്തിൽ തീ പിടിച്ചു. ദൈവഗത്യാ അതിൽനിന്നുണ്ടായ അപകടം ദീർഘമില്ലായിരുന്നു.

ഇതിന്റെശേഷം തന്റെ കയ്യിൽ മരുന്നു സൂക്ഷിക്കുന്നതിനു അനുവദിക്കപ്പെട്ടിരുന്നില്ല. എങ്കിലും ഒരു ദിവസം പടയാളികളുടെ സൂതികളാലിളകപ്പെട്ടിട്ടു സർവ്വത്ര മൌനമായിരിക്കയിൽ യാതൊരുത്തരാലും കാണപ്പെടാതെ ഒരു വെടിക്കാവശ്യമുള്ളടത്തോളം മരുന്നു

എടുത്തു തോക്കുനിറച്ചു വെടിവച്ചു. അതിന്റെ വലിയ സ്വരം കോട്ടയിലുണ്ടായിരുന്ന ആവരേയും ഭയപരവശന്മാരാക്കിത്തീർത്തു.

ഡോംഫൊർന്റി കോട്ടയിൽ ഒരു സേനാബഹളം നേരിട്ട എന്നു വിചാരിച്ചു. അദ്ദേഹം ഉടനെ ഒരു ഭൃതനെ വിവരമറിയുന്നതിനു വിടുകയും കുറക്കാരനെ ശിക്ഷാവിധി ചെയ്യുന്നതിനായി സ്ഥാനവസ്ത്രങ്ങളെ അണിഞ്ഞുകഴികയും ചെയ്തു. ആശ്ചര്യം തന്നെ! തൽക്ഷണം ഭൃതൻ മടങ്ങിച്ചെന്നു അറിയിച്ച സംഗതി എന്താകുന്നു. ളൂയിപ്രഭുകുമാരൻ തന്റെ സന്തോഷത്തിനായി ഒന്നു വെടിവച്ചസ്വരമാണു കേൾക്കപ്പെട്ടതു. പിതാവു് ഇതു കേൾക്കയിൽ മനസ്സിൽ സന്തോഷമുള്ളവനായെങ്കിലും അദ്ദേഹമെതൃയും കൃത്യനിഷ്ഠയുള്ള ഒരാളായിരുന്നതിനാൽതൽക്ഷണം ആചെറിയകുറക്കാരനെ തന്റെ സന്നിധിയിൽ കൊണ്ടുവരുന്നതിനാജ്ഞാപിച്ചു. എന്നാൽ പടയാളികളെല്ലാം തന്നെ അത്യധികം സ്നേഹിച്ചിരുന്നതിനാൽ പ്രഭുവിനോടു മാപ്പു ലഭിച്ചുകൊടുത്തു. ളൂയീസോ എന്നാൽ ആശ്ചര്യാവഹമായ പ്രകാരത്തിൽ ഈ അപടകത്തിൽ നിന്നു് രക്ഷപ്പെട്ടതിനാൽ ദൈവത്തോടെതൃയും കൃതാർത്ഥനായിരിക്കയും ചെയ്തു. മരണത്തിനെ മോഷ്ടിച്ചതു പിൻകാലങ്ങളിലെ കുമ്പസാരത്തിന്റെ ഫലമായ പാപങ്ങളിൽ ഒന്നായിതീരുകയും ചെയ്തു. എന്നാൽ പടയാളികൾ കൂടിയ ഓരോ വിചാരങ്ങളൊക്കയും ഏകദേശം മൽ വർഷത്തേക്കുകൂടി തന്റെ മനസ്സിൽ കുറേശ്ശേ നിന്നിരുന്നു. പക്ഷേ ഈ കാലാനന്തരം അതായതു തനിക്കു ഏഴുവയസ്സുമാത്രം പ്രായമായപ്പോൾ ദൈവത്തെ അറിയുന്നതിനും ലോകമായങ്ങളെ തൃജിച്ചു ഒരു പുണ്യജീവിതം കഴിക്കുന്നതിനുമുള്ള ആഗ്രഹത്തെയും ദൈവം കൊടുത്തു. ആ സമയം മുതൽ എതൃയും വിസ്മയനീയമായ പ്രകാരത്തിൽ ദൈവപ്രസാദത്താൽ തെളിയപ്പെട്ടു് ഐഹികകാംക്ഷകളെയെല്ലാം അമർത്തി ഏറവും പൂർണ്ണമായ ഒരു ജീവിതം കഴിക്കുന്നതിനു തുടങ്ങി. തന്റെ ധ്യാനം, നമസ്കാരം മുതലായ ഓരോരൊ പുണ്യകൃത്യങ്ങളുടെ സമയങ്ങളെ ക്രിമപ്പെടുത്തി അപ്രകാരം അനുഷ്ഠിക്കുന്നതിനും നിർണ്ണയിച്ചു.

ദൈവമാതൃത്വം.

ഒരു സംഭാഷണം.

(തുടർച്ച)

ഡോക്ടർ— നിങ്ങളുടെ വിധി മിസ്റ്റർ രായരേ! വളരെ ആദരണീയംതന്നെയായിരിക്കുന്നു. വാസ്തവം പറകയാണെങ്കിൽ വിശുദ്ധ കന്യകയേപ്പറ്റിയുള്ള കത്തോലിക്കരുടെ ഉപദേശം ഒട്ടുമുക്കാലും പണ്ടേതന്നെ എനിക്കും സ്വീകാര്യമായിത്തോന്നിയിരിക്കയാണു്. ഈ സംഗതിയിൽ മിസ്റ്റർ വാൾസിനോടുക്രുടെ എല്ലാ പ്രൊത്തേസ്റ്റാന്തികളും യോജിക്കുന്നുണ്ടെന്നു നിങ്ങൾ വിചാരിക്കരുതു്. ചില ആംഗ്ലിയാ പ്രൊത്തേസ്റ്റാന്തികൾക്കു നമ്മുടെ രക്ഷകന്റെ മാതാവിന്റെനേരേയുള്ള വണക്കത്തിന്റെ ശക്തിമൂലം അവളുടെ ബഹുമാനത്തിനായി ചില സഖ്യതകൾ (Sodalities) അവർ സ്ഥാപിച്ചിട്ടുള്ള വിവരം ഈയിട നിങ്ങളും മദ്രാസ് മെയിലിൽ വായിച്ചിരിക്കുമല്ലൊ.

രായർ— നിങ്ങളുടെ ഈ നിഷ്പക്ഷപാടമായ അനുസരണത്തിൽ എനിക്കു നിർവ്യാജമായ സന്തോഷമുണ്ടു്. എല്ലാപോയിൻറുകളിലും നിങ്ങൾ മിസ്റ്റർ സൈമനോടു യോജിക്കുന്നതായി കാണുന്നതിനാൽ ഇനി ഈ തർക്കം നിർത്താമല്ലോ.

ഡോ— ഇതുവേഗം അങ്ങനെ തീർച്ചയാക്കിയാലോ. ക്രീസ്തു തന്റെ മാതാവിനെ സ്ത്രീയെ എന്നു അഭിസംബോധ

നംചെയ്യുതിൽ യാതൊരു അനാചാര വും താൻ അവളോടു കാണിച്ചിട്ടില്ലെന്നും അവളുടെ അപേക്ഷാനുസാരംതന്നെയാണു താൻ തന്റെ ഒന്നാമത്തെ അതിശയകർമ്മം ചെയ്തതെന്നും ഞാൻ സമ്മതിക്കുന്നതുകൊണ്ട് "അനുഗ്രഹിക്കപ്പെട്ട കന്യകയെ സ്വശ്രൂക്കയെന്നും സ്വശ്രൂക്കയുടെ മാതാവെന്നും ദൈവത്തിന്റെ പുത്രിയെന്നും ദൈവമാതാവെന്നും വിളിക്കുന്നതു" ഞാൻ സമ്മതിക്കുന്നെന്നു വരുന്നതല്ലല്ലൊ. (റോമൻ കത്തോലിക്കർ ചെയ്യുന്നതുപോലെ) "നമ്മൾ ദൈവത്തെ ആരാധിക്കുന്നവിധത്തിൽ അവളെ ആരാധിക്ക, ഈശോമ്ശിഹായിൽ നിന്നു വരപ്രസാദം വല്ലവക്കും വേണമെന്നുണ്ടെങ്കിൽ മറിയം വഴിയായി അതപേക്ഷിച്ചാൽ മതിയായിരിക്കുന്നു എന്നു പറക." ഇവയൊക്കെ എനിക്കശേഷം സമ്മതിക്കാൻ പാടില്ലാത്ത ഉപദേശങ്ങളാണ്. ".... ... ദൈവപുത്രന്റെ ദൈന്യത്തെ അവൾ വളരെ വിനയപൂർവ്വം സ്വീകരിച്ചതുതന്നെ അവളൊരു 'ദേവി' (Goddess) യായി വിചാരിക്കപ്പെടുന്നതിനു പാടില്ലെന്നു നല്ലവണ്ണം തെളിയിക്കുന്നു. അവളെ ദേവി എന്നു വിളിക്കുന്നതു എത്രയും വലിയ ദോഷത്പാമായിരിക്കുന്നു."

രായർ— ഇതെന്താ ഡോക്ടരേ! അപവാദങ്ങളുടെ ഒരു ക്രമ്പാരമോ? ഇതു നമ്മുടെ ആദ്യ സമ്മേളനത്തെ എന്നെ സ്മരിപ്പിക്കുന്നു. ആ അവസരത്തിൽ ഇതിനേക്കാൾ വലിയ (അപവാദങ്ങളുടെ) ഒരു ക്രമ്പാരം നിങ്ങൾ കൂട്ടിയതും മിസ്റ്റർ സൈമൺ ഓരോന്നായി അതിനെ ധ്വംസനം ചെയ്തതും ഇന്നു സംഭവിച്ചതുപോലെ എനിക്കു തോന്നുന്നു. മിസ്റ്റർ സൈമനേ! നിങ്ങളുടെ അനിതരസാധാരണമായ സാമർത്ഥ്യം ഒന്നുകൂടെ ഞാൻ കാണട്ടേ!

സൈ— എന്റെ സാമർത്ഥ്യത്തെപ്പറ്റി നിങ്ങളുടെ നല്ല അഭിപ്രായത്തിനായി മിസ്റ്റർ രായരെ! ആദ്യംതന്നെ നിങ്ങളെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. നമ്മുടെ ഡോക്ടർ ഇപ്പോൾ പ്രസ്താവിച്ചതൊക്കയും അദ്ദേഹം വിശ്വസിക്കുന്നതായി നിങ്ങൾ വിചാരിക്കരുതു്. നമ്മുടെ സ്നേഹിതനായ മിസ്റ്റർ വാൽസിന്റെ (No. 96) കൃതിയിൽ നിന്നു ഒരു ഭാഗം അദ്ദേഹം ഇവിടെ ഉദ്ധരിക്കയാണു ചെയ്തിട്ടുള്ളതു്. ഇതദ്ദേഹം ചെയ്തിട്ടുള്ളതു തക്കം കൂടെ ടീഷ്ലിപ്പിച്ചുകൊണ്ടുപോയാൽ കൊള്ളാമെന്നു കരുതിയാണെന്നു തോന്നുന്നു.

ഡോ— നിങ്ങൾ പറയുന്നതിൽ വാസ്തവമില്ലെന്നില്ല. വാൽസ് ആയാളുടെ ലഘുലേഖയിൽ പറഞ്ഞിട്ടുള്ളതൊക്കെ കണ്ണടച്ചു സമ്മതിക്കുന്നതിനു എനിക്കു കടവും ആവശ്യവും ഇല്ലെന്നും "എല്ലാം" ഞാൻ സമ്മതിക്കുന്നില്ലെന്നും മുമ്പേതന്നെ ഞാൻ പ്രസ്താവിച്ചുണ്ടല്ലോ.

സൈ— വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത്തെപ്പറ്റിയുള്ള നമ്മുടെ വാദത്തിൽ "അവരോടു നമുക്കു പ്രാർത്ഥിക്കാമെന്നും മറ്റും" നിങ്ങൾ സമ്മതിച്ചിട്ടുണ്ടല്ലോ. ആ സമ്മതപ്രകാരം പരിശുദ്ധ കന്യകയെ ബഹുമാനിക്ക. അവളോടപേക്ഷിക്ക. അവളുടെ സഹായത്തെ ആവശ്യപ്പെടുക. അവളെ മദ്ധ്യസ്ഥയായി കരുതുക; ഇതുകളൊക്കെ സംവദിക്കയല്ലാതെ നിങ്ങൾക്കു ഗത്യന്തരമില്ലല്ലോ. ഒരാളിന്റെ സ്വാഭാവികം അഥവാ അതിസ്വാഭാവികമായ ഗുണലക്ഷണങ്ങളും ആ ആൾമൂലം മാനുഷജാതിക്കു ഉണ്ടാകാവുള്ള ഉപകാരങ്ങളുമാണല്ലോ മനുഷ്യരുടെ ബഹുമാനത്തിനു ആയാളെ അർഹനാക്കുന്നതെന്നും മേല്പറഞ്ഞിട്ടുള്ള ഗുണലക്ഷണങ്ങളുടേയും ഉപകാരങ്ങളുടേയും ന്യൂനാധികതയെ അനുസരിച്ചായിരിക്കും ബഹുമാനത്തിന്റെ ഏറ്റക്കുറച്ചിലെന്നും നിങ്ങൾ അന്നു സമ്മതിച്ചിട്ടുള്ളതു സ്മരിക്കുമല്ലോ.

ഡോ— ഓ ഹോ! അതൊക്കെ സ

മതിച്ചിട്ടുള്ളതാണ്. ഇപ്പോഴും സംപ
ടിക്കുന്നതിനു തയ്യാറുമാണ്.

സൈ– കൊള്ളാം നല്ലതുതന്നെ.
അങ്ങനെയെങ്കിൽ ദൈവത്തനാൽ "നന്മനിറഞ്ഞവളെ" എന്നു സംബോധനം ചെയ്യപ്പെട്ടവളും സ്വതന്ത്രമായി
ക്കൊടുത്ത അവളുടെ സമ്മതംകൊണ്ടു നമ്മുടെ രക്ഷയുടെ "കരു" (instrument) വായിത്തീർന്നവളുമായ പരിശുദ്ധ കന്യക മറിയത്തിനേക്കാൾ നമ്മുടെ ബഹുമാനത്തിനു അർഹതയുള്ളവരാർ! ദൈവം തന്റെ പ്രീതിപാത്രമായ പുണ്യവാന്മാരുടെ അപേക്ഷകളെ ശ്രദ്ധിച്ചു അവരുടെ പ്രാർത്ഥനകളെ സഫലമാക്കുന്നെങ്കിൽ തന്റെ വാത്സല്യപാത്രമായ കുമാരന്റെ മാതാവായി താൻതന്നെ തിരഞ്ഞെടുത്ത മറിയത്തിന്റെ അപേക്ഷകളെ അതിതാല്പര്യപൂർവ്വം താൻ കേട്ടു സഫലമാക്കുമെന്നുള്ളതിൽ സംശയിക്കുന്നതെന്തിനു?

ഡോ– ഈ ന്യായോക്തി സമ്മതിക്കയാണെങ്കിൽ മറിയം സർവ്വശക്തയും ദൈവത്തിൻ കുമാരിയും ദൈവമാതാവുമാണെന്നും സംക്ഷിപ്തമായി പ്രസ്താവിക്കയാണെങ്കിൽ അവളൊരു ദേവിയാണെന്നും വരും. അതിനു ഞാൻ തയ്യാറില്ല.

സൈ– ഇതുകൊണ്ടു മറിയം ഒരു ദേവിയാണെന്നു എങ്ങനെയാണു വരുന്നതു? മറിയത്തെ ഒരു ദേവിയായി ഞങ്ങൾ ഒരിക്കലും അനുസരിക്കുന്നില്ലെന്നും ബാവാ, പുത്രൻ, റൂഹാദ്കുദശാ എന്ന ത്രിത്വൈക ദൈവത്തിനല്ലാതെ മറ്റാർക്കും ഞങ്ങൾ ദൈവാരാധന ചെയ്യുന്നില്ലെന്നും എത്രപ്രാവശ്യം നിങ്ങളോടു പറഞ്ഞിട്ടുണ്ട്. എന്നിട്ടു പിന്നെയും പിന്നെയും അതുതന്നെ ജല്പിച്ചുകൊണ്ടിരുന്നാൽ എന്താണു ഫലം! ഇങ്ങനെയൊരു ഉപദേശം അടങ്ങിയിട്ടുള്ള ഒരു ശരിയായ കത്തോലിക്കാപുസ്തകം നിങ്ങൾക്കോ വാൽസിനോ കാട്ടാൻകഴിയുമോ? കഴിയുമെങ്കിൽ കാണട്ടെ!

ഡോ– നിങ്ങളുടെ നമസ്കാരപുസ്തകങ്ങളിൽ "മറിയമേ! എന്നെ സഹായിക്ക. മറിയമെ ഞങ്ങളുടെ ജീവനും ഞങ്ങളുടെ ശരണവും (നീ ആയിരിക്കുന്നു)" എന്നൊക്കെ ധാരാളം കാണുന്നുണ്ട്. ഇവയൊക്കെ ആൾ സ്വർശക്തയെന്നു വരുത്തുകയല്ലേ ചെയ്യുന്നതു.

സൈ– ഒരു കത്തോലിക്കനു ഏതുവേണ്ട, ഒരു നല്ല പ്രൊത്തേസ്താന്തിക്കുടെ ഇങ്ങനെ തോന്നുന്നതല്ല. ഒരു പ്രൊത്തേസ്താന്ത വിശ്രുത വേദശാസ്ത്രിയായ ഡോക്ടർ ലെയിബ്നീസ് (Leibnitz) ഈ സംഗതി സംബന്ധിച്ചു പറയുന്നതെന്തെന്നു കേട്ടാലും! മിസ്റ്റർ രായരേ! ഈ ഭാഗമൊന്നു വായിച്ചു നമ്മുടെ ഡോക്ടരെ കേൾപ്പിച്ചേ!

രായർ– (വായിക്കുന്നു) "വിശുദ്ധന്മാരോടു അപേക്ഷിക്കുമ്പോഴും അവരുടെ സഹായം ആവശ്യപ്പെടുമ്പോഴും നാം ഈ സഹായത്തെ, വലിയ സാഫല്യത്തോടുകൂടി അവർ (വിശുദ്ധന്മാർ) നമുക്കുവേണ്ടി അണയുന്ന പ്രാർത്ഥനകളല്ലാതെ മറ്റൊന്നുമല്ലെന്നു എല്ലാപ്പോഴും ഗ്രഹിക്കണം. "പത്രോസേ! എന്നെ സഹായിക്ക.– പൌലോസെ! എന്നെ സഹായിക്ക" എന്നു പറഞ്ഞാൽ "എനിക്കുവേണ്ടി അപേക്ഷിക്ക, നിന്റെ നമസ്കാരങ്ങളാൽ എന്നെ സഹായിക്ക" എന്നേ അർത്ഥമാകുന്നുള്ളു. (Syst. Theol. p. 160)

"വാഴ്ത്തപ്പെട്ട കന്യക നമ്മുടെ ജീവൻ എന്നു വിളിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവൾ വഴിയായി, സത്യജീവനായ ഈശോമ്ശിഹാ നമുക്കു തരപ്പെട്ടിരിക്കുന്നു. അവൾ നമ്മുടെ ശരണമെന്നു വിളിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവൾ നമ്മുടെ അമ്മയായിരിക്കയിൽ നമ്മുടെ പ്രാർത്ഥനകളെ അവൾ തന്റെ കുമാരന്റെ കൈകളിൽ സമർപ്പിക്കയും അവളുടെ ശക്തിയേറിയ മാദ്ധ്യസ്ഥംമൂലം തന്നിൽനിന്നു നമുക്കുവേണ്ടി സംഖ്യാതീതങ്ങളായ വര

പ്രസാദങ്ങളെ പ്രാപിക്കയും ചെയ്യുന്നു. ഒരു ദൃഷ്ടാന്തം ഇതിനെ നല്ലവണ്ണം തെളീക്കും. സ്വന്ത കുറ്റങ്ങൾ മൂഖാന്തിരം മരണത്തിനു വിധിക്കപ്പെട്ട ദുർഭഗനായ ഒരു മനുഷ്യൻ തന്റെ ജീവരക്ഷയ്ക്കായി രാജാവിന്റെ സന്നിധിയിൽ ചെന്നു അവനെ രക്ഷിക്കുന്നതിനു അപേക്ഷിക്കുന്നെന്നും ആ അപേക്ഷയോടുകൂടി യുപന്റെ അമ്മ അവളുടെ അപേക്ഷകളുംകൂട്ടി തന്റെ മകനോടു ആ നിർഭാഗ്യനുവേണ്ടി മദ്ധ്യസ്ഥത പറയുന്നെന്നും വിചാരിക്കുക. (തുടരും)

പി. കെ. അന്തോനിക്കുത്തനാർ.

പത്താംപീയൂസ് മാപ്പ്പ്പാ തിരുമനസ്സിലെ മോട്ടോ അഥവാ മുദ്രവാക്യം.

ഇപ്പോൾ ഭാഗ്യമായി വാഴുന്ന പത്താം പീയോസ് മാപ്പ്പ്പാ തിരുമനസ്സിലെ മുദ്രവാക്യം "Restaurare omnia in christo" സർവ്വവും മ്ശിഹായിൽ പ്രത്യാനയിക്കണം. എന്നിതാണല്ലൊ. ഫൻഠവ്വ മീനം ഫന—ാനെ- പ്പോരൻസ് കാരായ തിരുയാത്രക്കാർക്ക് പരിശുദ്ധ പിതാവിനെ കാണുന്നതിനും അഭിമുഖമായി സംസാരിക്കുന്നതിനും അനുമതി ലഭിച്ച അവസരത്തിൽ തിരുമനസ്സിലെ ഈ ഉന്നതവാക്യത്തിന്റെ അർത്ഥം വ്യക്തമായി അവിടുന്നു തന്നെ വ്യാഖ്യാനിക്കയുണ്ടായി. തിരുമനസ്സുകൊണ്ടു കല്പിച്ചതായത്. എന്റെ പുരോഹിതശ്രേഷ്ഠ കാലത്തിന്റെ മുന്നാണ്ടുകളിൽ ഞാൻ നടത്തീട്ടുള്ള സാല്വ സംഗതികളെക്കുറിച്ച് നിങ്ങൾ എന്നെ അഭിനന്ദിച്ചിരിക്കുന്നല്ലൊ. എല്ലാം മ്ശിഹായിൽ പ്രത്യാനയിക്ക എന്നുള്ള ഒന്നു എന്റെ നിരന്തരകായ്ക്രമവും, മുദ്രയും കേതനവും ആകുന്നു. ആയതു സാധിക്കുന്നപക്ഷം എല്ലാ ജനങ്ങളും മ്ശിഹായുടെ പ്രമാണങ്ങൾക്കനുസൃതമായി ആയുസ്സിനെ നയിക്കണമെന്നും, പ്രത്യേകം ക്രിസ്ത്യാനികൾ ഏവരും തങ്ങളുടെ വിശ്വാസത്തിനു യോജിക്കുംവണ്ണം ജീവിക്കണം എന്നും ആകുന്നു. ഇതു എന്റെ നിത്യകാംക്ഷയും അശ്രാന്ത നിർദ്ദേശവുമാണ്. ഇതാകുന്നു എന്റെ ഹൃദയത്തിന്റെ പ്രതിദിനപ്രാർത്ഥന. മ്ശിഹായിൽ സകലവും പ്രത്യാനയിക്ക എന്ന സംഗതി നാം ഓരോരുത്തരിൽ അനുവർത്തിച്ചു നടത്തുന്നതിനു ശ്രദ്ധിക്കണം. നമ്മുടെ രക്ഷിതാവിനു അനിഷ്ടകരമായ സകലത്തെയും നാം പരിത്യജിച്ചുകൊണ്ടു സന്മാർഗ്ഗ പരിശുദ്ധതയോടും, വിശ്വാസദാർഢ്യത്തോടുംകൂടി ഈശോമ്ശിഹായുടെ പരിശുദ്ധ ജീവിതത്തെ തന്നെ അനുകരിച്ചു ജീവിപ്പാൻ ശ്രമിക്കണം.

പരിശുദ്ധ പിതാവിന്റെ ഈ വ്യാഖ്യാനം കുറെ കാലങ്ങൾക്കുമുമ്പുണ്ടായതായിരുന്നാലും ലോകമൊട്ടുക്ക് ആഹ്ലാദകരമായ മ്ശിഹായുടെ പുനരുത്ഥാനാവസരമായിരിക്കുന്ന ഈ മാസത്തിൽ ഈ സംഗതിയെപ്പറ്റി ഒന്നുകൂടി വിചിന്തനം ചെയ്യുന്നതു ഏറ്റവും നന്നായിരിക്കും.

؟ﻫﻠﻠﻮﻳﺎ . ﺍ . ﺏ

വി. യുലിയാനാ ദെലീജ് എന്ന പുണ്യവതിയും ദിവ്യകാരുണ്യ തിരുനാളും.

വി. യുലിയാനാക്കു തന്റെ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തെ ഇഹലോകത്തിൽ ജീവിച്ചിരിക്കയിൽ കാണുന്നതിനു ഭാഗ്യം സിദ്ധിച്ചില്ല. എങ്കിലും അവളുടെ ഭാഗ്യമായ മരണശേഷം അധികം താമസിയാതെ തന്നെ ഈ വിശുദ്ധയുടെ അപേക്ഷകളുടേയും പാടുപീഡകളുടെയും ഫലമായി ഇവ നിറവേറിക്കാണ്മാനുള്ള ഭാഗ്യം ലഭിച്ചു. എങ്ങിനെയെന്നാൽ മുൻ ലീജിലെ ആർച്ച്ഡീക്കൻ ആയിരുന്ന ജെയിംസ് പ

ൻറാലെയോൻ എന്ന ദേഹം മാപ്പ്പ്പാസ്ഥാനത്തിൽ പ്രവേശിച്ച ഉടൻതന്നെ ഈവ, വി. മത്തീനോസിൻ ദേവാലയത്തിലെ ബോധകശ്രേഷ്ഠന്മാരോടപേക്ഷിച്ച് ക്രിസ്തീയലോകം മുഴുവനും ദിവ്യകാരുണ്യത്തിരുനാൾ ഏർപ്പെടുത്തണമെന്ന പുതിയ മാപ്പ്പ്പായോടപേക്ഷിക്കുന്നതായി, ലീജിലെ മെത്രാനായിരുന്ന ഫൊൻറി ദെ ഗൊർൽഡ്റൊസ് എന്ന ദേഹത്തെക്കൊണ്ടു ഒരു അപേക്ഷാപത്രം കൊടുപ്പിച്ചു.

ആ നാളുകളിൽതന്നെ ദിവ്യകാരുണ്യത്തെ സംബന്ധിച്ചു നടന്നതായ അനേക അത്ഭുതസംഭവങ്ങൾ ഈവയുടെ ഈ അപേക്ഷയെ ബലപ്പെടുത്തിയിരുന്നു. ഇവകളിൽ എത്രയും പ്രധാനമായ ഒന്നു വി. യുലിയനെ മരിച്ച വത്സരമായ ൧൨൬൪-ൽ പാരീസ് പട്ടണത്തിൽ നടന്ന ഒരു അത്ഭുതകാഴ്ചയായിരുന്നു. അതെങ്ങിനെയെന്നാൽ, ഫ്രാൻസിലെ മഹാരാജാവായിരുന്ന വി. ലൂയീസ് പാർത്തിരുന്ന അരമനയോടടുത്തുണ്ടായിരുന്ന ഒരു ദേവാലയത്തിൽ ഒരിക്കൽ ദിവ്യപൂജസമയം പരിശുദ്ധ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുയർത്തുകയിൽ പട്ടക്കാരൻറെ കരങ്ങളിൽ എത്രയും അതിശയനീയമായ പ്രസാദവും സൌന്ദര്യവും നിറഞ്ഞ ഒരു ചെറിയ ശിശു പ്രത്യക്ഷപ്പെട്ടു. അപ്പോൾ അരികെ നിന്നിരുന്നവർ അദ്ദേഹത്തിൻറെ കൈകളെത്താങ്ങിപ്പിടിച്ചുകൊണ്ടു നില്ക്കയും, ഈ അത്ഭുതകാഴ്ച വന്നുകണ്ടു അതിനെ സാക്ഷീകരിപ്പാറാകണമെന്നു വി. ലൂയീസ് മഹാരാജാവിനോടു അപേക്ഷിക്കുന്നതിന്നായി, അദ്ദേഹത്തിനു അളയയ്ക്കയും ചെയ്തു. എന്നാൽ ഉത്തമനായ ഈ വി. രാജൻ അവരുടെ ക്ഷണാനുസാരം ഈ കാഴ്ച കാണാൻ പോകാതെ "ദിവ്യകാരുണ്യത്തിൽ നമ്മുടെ രക്ഷകൻറെ സാക്ഷാലുള്ള പ്രസന്നതയെക്കുറിച്ചു വല്ലവനും സംശയമുണ്ടെങ്കിൽ, അവൻ പോയി ഈ അത്ഭുതകാഴ്ച കാണട്ടെ. എന്നാൽ എൻറെ വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന്നു ഈവിധമായതൊരു പ്രത്യക്ഷവും ആവശ്യമില്ല ദൈവത്തിന്നു സ്തുതിയായിരിക്കട്ടെ" എന്നു പറഞ്ഞു.

ഈവായുടെ അപേക്ഷപ്രകാരം ചെയ്യുന്നതിന്നു ൪-ാം ഉർബാനോസു മാപ്പ്പ്പായ്ക്കു വളരെ സന്തോഷമായിരുന്നുവെങ്കിലും ആ കാലം അതിന്നു തക്കതല്ലായിരുന്നു. അപ്പോൾ ഇറലിരാജ്യം അന്തഃഛിദ്രങ്ങളാൽ ബാധിക്കപ്പെട്ടിരുന്നു. മാപ്പ്പ്പാ തന്നെയും റോമായിൽനിന്നു പോയി പരവാസത്തിൽ താമസിക്കയായിരുന്നു. അതുകയാൽ ഈവായുടെ അപേക്ഷക്കു തൃപ്തികരമായ ഒരു മറുപടിയും കിട്ടിയില്ല എങ്കിലും ലീജ് രൂപതയിൽമാത്രം ദിവ്യകാരുണ്യത്തിരുനാൾ ഒരു കടമുള്ള തിരുനാളായി ആചരിച്ചാഘോഷിക്കണമെന്നു ഈമാപ്പ്പ്പാ ഫെബ്രുവരി നിശ്ചയിച്ചു കല്പന അയച്ചു.

കാര്യങ്ങളുടെ യഥാസ്ഥിതി ഈ വിധത്തിലിരിക്കയിൽ വേദപാരഗനായ വി. തോമ്മാ അക്വീനാസ് ലണ്ടനിൽവച്ചു നടത്തപ്പെട്ട തൻറെ സഭയുടെ ഒരു ഉപസംഘത്തിൽക്കൂടിയും വച്ചു ൧൨൬൫ മെയിമാസത്തിൽ ഇറലിയിലെത്തി. ഈ വിവരമറിഞ്ഞയുടൻതന്നെ തല്ക്കാലം ഒവിയത്തോയെന്ന സ്ഥലത്തു താമസിച്ചിരുന്ന മാപ്പ്പ്പാ ഈ ദേഹത്തെ അവിടേയ്ക്കു ക്ഷണിച്ചു. ഈ വിശുദ്ധൻറെ 'കത്തേന അവുറെയ്' (Catena avrea) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൻറെ പ്രഥമഭാഗം കൈപ്പറ്റിയതിങ്കൽ തനിക്കുള്ള അത്യന്തസന്തോഷത്തിൻറെ ഒരടയാളമായി വി. തോമ്മാ ഒരു മെത്രാസനം സ്വീകരിക്കണമെന്നു പറഞ്ഞു മാപ്പ്പ്പാ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അപ്പോൾ ഈ വിശുദ്ധൻ മാപ്പ്പ്പായുടെ മുമ്പാകെ സാഷ്ടാംഗം വീണുകൊണ്ടു "എൻറെ വേലകൾക്കു ഞാൻ കൈക്കൊള്ളുവാൻ ആഗ്രഹിക്കുന്ന ഏകപ്രതിഫലം ദിവ്യകാരുണ്യത്തിരുനാൾ തിരുസ്സഭ മുഴുവനിലും ആഘോഷിക്കണമെന്നു അവിടുന്നു നിശ്ചയിക്കുന്നതു മാത്രമാകുന്നു" എന്നു വിനയപൂർവ്വം പറഞ്ഞു. തൽക്ഷണം മാപ്പ്പ്പാ "ഇപ്രകാരം നിശ്ചയിക്കാം" എന്നു സമ്മതിക്കയും, ഈ തിരുനാളിന്നായി ഒരു കാനോൻജപം എഴുതിയുണ്ടാക്കുന്നതിന്നു വി. തോമ്മായെത്തന്നെ ഭരമേല്പിക്കയും ചെയ്തു. ഈ വിശുദ്ധൻ മാപ്പ്പ്പായുടെ ആഗ്രഹപ്രകാരം ഒരു വിശേഷ കാനോൻജപം എഴുതിയുണ്ടാക്കി.

കർത്തൂസിയൻകാരനായ വി. ട്യോനീസിയോസ് എന്ന ദേഹം വിവരിച്ചിരിക്കുംപോലെ ദിവ്യകാരുണ്യത്തിരുനാളിന്നായി ഒരു കാനോൻജപമുണ്ടാക്കണമെന്നു വേദപാരഗനായ വി. ബൊനവെഞ്ചുരായോടും മാപ്പ്പ്പാ ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു.

ഇതിൻപ്രകാരം ഈ വിശുദ്ധനും ഒരു കാനോൻജപമുണ്ടാക്കിയെങ്കിലും വി. തോമ്മായുണ്ടാക്കിയതു വായിച്ചുകേൾക്കയിൽ സന്തോഷത്താലും അതിശയത്താലും പരവശനായി അതു വായിച്ചു തീരുന്നയിടകൊണ്ടു താൻ ഉണ്ടാക്കിയവകളെ എഴുതിയിരുന്ന കടലാസുകളെല്ലാം ഓരോന്നോരോന്നായി കീറിക്കളഞ്ഞു.

ഈ സംഭവംതന്നെ വേറൊരു ഗ്രന്ഥകർത്താവു വേറൊരു വിധത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതായതു മാപ്പിപ്പായുടെ കല്പനപ്രകാരം ഈ വിശുദ്ധന്മാരും ഓരോ കാനോൻജപം എഴുതിയുണ്ടാക്കി. എന്നാൽ ഒരിക്കൽ വി. ബൊനവെന്തൂരാ വി. തോമ്മായെ സന്ദർശിക്കയിൽ ഇദ്ദേഹം ഉണ്ടാക്കിയ ജപത്തിലെ രണ്ടാംരാത്രി ജാഗരണങ്ങൾക്കുള്ള "ഓ സാക്രും കൊൻവീവിയും" (O Sacrum Convivium) എന്ന ഗീതം എഴുതിയ കടലാസ്സ് മേശപ്പുറത്തു കിടക്കുന്നതു കണ്ടു. ഇതു കണ്ടപ്പോൾ വി. ബൊനവെന്തൂരായ്ക്കു ഉണ്ടായ സന്തോഷത്തിന്റെ ആധിക്യത്താൽ ഉടൻതന്നെ അദ്ദേഹം തന്റെയാശ്രമത്തിൽ ചെന്നു താൻ എഴുതിയുണ്ടാക്കിയവകളെ നശിപ്പിച്ചുകളഞ്ഞു.

(തുടരും)



തിരുഹൃദയഭക്തന്മാർ

ഫൻഫറ ഇടവമാസത്തിൽ വെക്കേണ്ട പൊതുക്കരുതൽ.

കപ്പലോട്ടക്കാരുടെ ശുഭാവസ്ഥ.

ആവിയന്ത്രങ്ങൾ ഉത്തരോത്തരം പരിഷ്കാരം പ്രാപിച്ചുവരുന്ന ഇക്കാലത്തു പൂർവ്വാധികം ജനങ്ങൾ കടൽ തങ്ങളുടെ നാടായും കപ്പൽ തങ്ങളുടെ ഭവനമായും കഴിച്ചുപോരുന്നു. എന്നാൽ നൂതന കണ്ടുപിടിത്തങ്ങളും കൃത്രിമങ്ങളുംകൊണ്ടു ശരീരാപത്തുകൾ കടൽ ജീവിതത്തിൽ നിന്നു എന്നുമാത്രം ദൂരീകരിക്കപ്പെട്ടിരിക്കുവോ അതുപോലും ആത്മവിപത്തുകളും നാശങ്ങളും വർദ്ധിച്ചിരിക്കുന്നു.

ദൈവത്തേയും വേദത്തേയും നിന്ദാപൂർവ്വം വിസ്മരിച്ചു നൈസ്തികവസ്തുക്കളിൽ ലോകം മുഴുവൻ മുങ്ങിക്കുളിക്കുന്ന ഈ അവസരത്തിൽ കപ്പൽകാരന്റെ സ്ഥിതി കരയിൽ ജീവിക്കുന്നവരുടേതിനേക്കാൾ പതിന്മടങ്ങു ദുസ്സഹമായിത്തീർന്നിരിക്കുന്നു. വേറെ ഏതൊരു സ്ഥിതിയിലുള്ള കത്തോലിക്കനും ഇതുപോലും ആത്മികദാരിദ്ര്യത്താൽ വലയുന്നുണ്ടോ എന്നു സംശയമാണു്.

ഒരു കത്തോലിക്കൻ പാപംചെയ്തു ഒരുവേള പതിതനായിത്തീർന്നശേഷവും അവനെ മാനസാന്തരപ്പെടുത്തുന്നതിനുതക്ക പ്രസംഗങ്ങൾ കേൾക്കുന്നതിനോ ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നതിനോ പല സന്ദർഭങ്ങളും ദൈവാനുഗ്രഹത്താൽ കരസ്സിദ്ധമുണ്ടു്.

കടലിൽ ജീവിക്കുന്നവനോ എന്നാൽ പള്ളിയും പട്ടക്കാരും തീരെ അന്യമെന്നു പറയേണ്ടിയിരിക്കുന്നു. അവന്റെ സംസർഗ്ഗം വലിയപങ്കും നാസ്തികരോടും ദുർമ്മാർഗ്ഗികളോടും അവന്റെ ബുദ്ധിയുടെ യാവന പൈശാചിക വിഷംതീണ്ടിയ പുസ്തകങ്ങളും വർത്തമാനപത്രങ്ങളുമത്രെയാകുന്നു. കുബ്ബാന കാണുന്നതിനും കുമ്പസാരം മുതലായ ക്രമാശകൾ കൈക്കൊള്ളുന്നതിനും എത്രയൊ പ്രയാസം. പുരാതനകാലങ്ങളിൽ പട്ടക്കാർ യാത്രക്കാരുടെ ആത്മോപകാരത്തിനായി കപ്പലിൽക്കൂടി അനുഗമിച്ചിരുന്നു. എന്നുമാത്രമല്ല ദിവ്യകാരുണ്യക്രമം ആപത്തുനേരത്തു് ഉൾക്കൊള്ളുന്നതിനായി സംഗ്രഹിച്ചുകൊണ്ടുപോയിരുന്നു.

എന്നാൽ ഇപ്പോൾ അന്ത്യനേരത്തിൽ പോലും ആത്മരക്ഷക്കാവശ്യമായ സഹായം സിദ്ധിപ്പാനുള്ള നിർവ്വാഹമില്ലാതെ എത്രയോ ലക്ഷം കത്തോലിക്കർ സമുദ്രങ്ങളിലും വൻകടലുകളിലും ചിതറി തങ്ങളുടെ ആയുസ്സു കഴിച്ചുകൂട്ടുന്നു. ഇവരുടെ ക്ലിപ്തമായ സംഖ്യ അറിയുന്നതിനുമുമ്പെ ഇതേവരെയിടയായിട്ടില്ല.

ആകയാൽ ഈ നിർഭാഗ്യരുടെ ശുഭാവസ്ഥക്കായും അവരുടെ ഉണർവ്വുകരണത്തിനായി കത്തോലിക്കർ ചെയ്യുവരുന്ന പ്രയത്നൽ സഫലീഭവിക്കുന്നതിനായും തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കുണമെന്നു പരിശുദ്ധ പിതാവു് ആഗ്രഹിച്ചാജ്ഞാപിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം

൧. പരിശുദ്ധ പിതാവു ൧൦–ാംപീയൂസ് മാപ്പിപ്പായുടെ കല്പനപ്രകാരം റോമാപുരിയിൽ കാനോനാ ശാസ്ത്രികളുടെ ഒരു പ്രത്യേക കമ്മീഷ്യൻ പുതിയ കാനോന ശാസ്ത്ര പുസ്തകം രചിച്ചുവരുന്നു. ഇവർ ഒന്നാംഭാഗം തീർത്തു ലോകത്തിലുള്ള കത്തോലിക്ക മെത്രാന്മാരുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിരിക്കുന്നു. ഈ ഭാഗത്തിൽ ആസ്സുപ്പാട്ട പട്ടം ഏറ്റ ചെറിയ വൈദികൻ മുതൽ മാപ്പിപ്പാവരെയുള്ള സകല വൈദികരുടെയും കടമകളും അർഹതകളും മറ്റും വിവരിക്കപ്പെട്ടിരിക്കുന്നു. മെത്രാന്മാരുടെ പൊതു അഭിപ്രായമറിഞ്ഞിട്ട മാപ്പിപ്പാ തിരുമനസ്സുകൊണ്ടു കോഡു ഉറപ്പിക്കും.

൨. വെനെസ്യാ പട്ടണത്തിലെ വിശുദ്ധ മർക്കോസിന്റെ വിശ്രുത ദേവാലയത്തിന്റെ ബ്രഹ്മാണ്ഡമണിമാളിക ആറേഴു വർഷത്തിനു മുമ്പു ഇടിഞ്ഞുവീണു. ഇപ്പോൾ ടി. പള്ളിക്കാർ അതിനെ പൂർവ്വസ്ഥിതിയിൽ പണിയുന്നു, കഴിഞ്ഞമാസം ൨൫–ാംനു പുതുതായ നാലു വലിയ മണികളും പഴയ മണിയും കയറ്റി ആഘോഷപൂർവ്വം കൊട്ടുകയും ചെയ്തു. മാപ്പിപ്പാ തിരുമനസ്സുകൊണ്ടു മുമ്പിൽ ഇവിടെ പാത്രിയർക്കീസായിരുന്നതുകൊണ്ടു ഈ ശുഭാവസരത്തിൽ മണികളുടെ സ്വരം വർത്തിക്കാനിൽ മാപ്പിപ്പായുടെ സന്നിധാനത്തിൽ ശരിയായി കേൾപ്പാൻ തക്കവണ്ണം തെലെഫോൺ കമ്പികൾ ഏർപ്പെടുത്തീട്ടുണ്ടായിരുന്നു.

൩. ഫ്രാൻസയിൽ ഒരുതരം കള്ളന്മാർ മോട്ടോർക്കാർ വണ്ടികളിൽ കയറി ഓരോ പട്ടണങ്ങളിൽ ചെന്നു കളവു നടത്തിക്കൊണ്ടു മണ്ടിക്കളയുന്നു. പോലീസുകാർ ഇവരെ പിടിപ്പാൻ ശ്രമിക്കുന്നുണ്ടു്.

൪. സ്ഥലത്തെ ആശ്രമദേവാലയത്തിൽ പ്രതിവർഷം നടത്തിവരുന്ന നാല്പതുമണി ആരാധനയും വിശുദ്ധ യൌസേപ്പിൻ തിരുനാളും പതിവനുസരിച്ചു കഴിഞ്ഞമാസം ൨൪, ൨൫, ൨൬, ൨൭–ാം തീയതികളിൽ ഭംഗിയായി നടത്തപ്പെട്ടു. ൩൦൦–ൽ പരം ആളുകൾ ഈ വിശിഷ്ടാവസരത്തിൽ ദിവ്യകാരുണ്യമുൾക്കൊൾകയുണ്ടായി. വിശുദ്ധ യൌസേപ്പിൻ മദ്ധ്യസ്ഥതിരുനാൾ അടുത്തയാണ്ടത്തേക്കു മാറ്റിവിരിക്കുന്നതു്, വല്യാറെ പാറായിൽ വക്കി ഉമ്മീസുതരകൻ അവർകളാണു്.

൫. തിരുവനന്തപുരം പട്ടണം പൌണ്ടുകീപ്പറായി ഒരു പുലയനെ നിയമിച്ചിരിക്കുന്നു. തിരുവിതാംകോട്ടു പുലയക്കു ഗവർമ്മേണ്ടുദ്യോഗം ലഭിച്ചതു് ഇദംപ്രഥമമായിട്ടാണു്.

൬. പ്രോഫ്സർ രാമമൂർത്തി എന്നൊരാൾ ഇന്ത്യയിൽ തിരുവനന്തപുരത്തുവന്നു ഓരോകായികാഭ്യാസങ്ങൾ കാണിച്ചുവരുന്നു. ഇദ്ദേഹത്തിന്റെ കളികൾകണ്ടു സന്തോഷിച്ച മഹാരാജാവു തിരുമനസ്സുകൊണ്ടു ൨൦൦൦ രൂപായും ഒരു വീരശൃംഖലയും ഒരാനയും രണ്ടു പുലിക്കുട്ടികളേയും കല്പിച്ചു സമ്മാനിച്ചിരിക്കുന്നു.

൭. ഉദ്ദേശം ൩൦ലക്ഷം രൂപാ ചെലവു ചെയ്തു വൻ൦ ജാതി അടി നീളത്തിലും ൩൫ കോൽ വീതിയിലും ൨൫൦൦ ടൺ ഭാരംകയറ്റത്തക്ക വിധത്തിലും ഉണ്ടാക്കി ആദ്യമായി സമുദ്രയാത്ര ചെയ്ത "ടിട്ടാണിക്ക്" എന്ന അമേരിക്കൻ കപ്പൽ ന്യൂയോർക്കിൽ നിന്നും ൩൦൦ മയിൽ അകലെ അത്ലാൻറിക്കു് സമുദ്രത്തിൽ വച്ചു മഞ്ഞുകട്ടയിൽ മുട്ടി പൊട്ടി നശിക്കുയും അതിൽ കയറിയിരുന്ന

തിൽ ൧൮൦൦-ൽ അധികം ആളുകൾ മരിച്ചുപോകയും ചെയ്തിരിക്കുന്നു. ഇക്കൂട്ടത്തിൽ റിവ്യൂ ഓഫ് റിവ്യൂ എന്ന പത്രഗ്രന്ഥത്തിന്റെ പത്രാധിപർ മിസ്റ്റർ സ്റ്റെഡ് മുതലായ പല മഹാന്മാർ മൃതിപ്പെട്ടിരിക്കുന്നു. അടുത്ത കാലത്തെങ്ങും ഇത്രവലുതായ ഒരു കപ്പൽ നാശം ഉണ്ടായിട്ടില്ല.

൭. നോർത്തോൾക്കിലെ പ്രൊട്ട തോമസിയാതെ മാപ്പ്പ്പാ തിരുമനസ്സിലെ സന്ദർശിക്കുന്നതിനായി റോമിൽ ചെല്ലുന്നതാണെന്നും തിരുമനസ്സുകൊണ്ട് പ്രൊട്ടിനു ഒരു വലിയ സ്ഥാനം നൽകുവാൻ തീർച്ചയാക്കിയിട്ടുണ്ടെന്നും കാണുന്നു. ഈ പ്രൊട്ട കുടുംബം വളരെ പുരാതനമായിട്ടുള്ളതും ഇപ്പോൾ ഇംഗ്ലണ്ടിലുള്ള കത്തോലിക്കരിൽ വച്ചു എല്ലാറ്റിലും പ്രാബല്യമുള്ളതുമാണ്.

൯. ഇതിനിടെ മാപ്പ്പ്പാതിരുമനസ്സുകൊണ്ട് ദേഹവിയോഗം ചെയ്തിരിക്കുന്നു എന്നു ഒരു പ്രസ്താവം പത്രങ്ങളിൽ കാണുകയുണ്ടായി. വാസ്തവത്തിൽ തിരുമനസ്സുകൊണ്ട് ഇപ്പോഴും അരോഗദൃഢഗാത്രനായിതന്നെയാണ് ഇരിക്കുന്നത്. സ്പെയിനിൽ മാപ്പ്പ്പാതിരുമനസ്സിലെ സ്ഥാനപതിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥന്റെ പിതാവു മരിച്ചതിനെപ്പറ്റി വന്ന കമ്പിയിൽ 'പപ്പാ' (Papa) എന്നു ഉണ്ടായിരുന്നതു 'പാപ്പാ' എന്നു തെറ്റിധരിച്ചതു നിമിത്തമാണ് ലോകം മുഴുവനും ബഹളം ഉണ്ടാകുവാൻ ഇടവന്നതെന്നാണ് കാണുന്നതു. പപ്പായും പാപ്പായും തമ്മിൽ ഒരു ദീർഘത്തിന്റെ വ്യത്യാസമല്ലെ ഉള്ളൂ.

൧൦. സ്കോളർഷിപ്പ് — കഴിഞ്ഞ വത്സരത്തിൽ ബി. എ. പരീക്ഷയുടെ ചില വിഷയങ്ങളിൽ സംസ്ഥാനത്തിൽ ഒന്നാമനായി ജയിച്ച തിരുവല്ലാക്കാരൻ മിസ്റ്റർ കുരുവിള സഖറിയാസ്സു ഇംഗ്ലണ്ടിൽപോയി വിദ്യാഭ്യാസം ചെയ്യുന്നതിനായി ഇൻഡ്യാ ഗവർമ്മേണ്ടു പ്രതിവർഷം ൨൫൦ പവൻവീതം സ്കോളർഷിപ്പും വഴിച്ചെലവും കൊടുക്കാൻ തീർച്ചയാക്കിയിരിക്കുന്നു.

൧൨. കന്യാകുമാരി ലഹള- ൦രം കേസ്സിൽ പിടികിട്ടിയിട്ടുള്ള മുപ്പതിലധികം പ്രതികളെ നാഗർകോവിൽ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോർട്ടിൽ ഡിക്കായിറ്റി, മോഷണം മുതലായ കുറ്റങ്ങൾ ആരോപിച്ചു അസ്സിസ്റ്റാണ്ടു പോലീസ് സൂപ്രണ്ടു ചാജ്ജ് ചെയ്തിരിക്കുന്നു. ഒന്നാം പ്രതിയായ ഫാദർ ജെറോം ഫെല്ലാണ്ടസ്സിനെ ജാമ്യത്തിൽ വിടണമെന്ന അപേക്ഷിച്ചിട്ടും ഇതുവരെ വിട്ടിട്ടില്ലെന്നു കാണുന്നു.

ബൊറോഡായിലെ മെത്രാപ്പോലീത്തായും മംഗലപുരംമെത്രാൻ ഡാക്ടർ പെരീനി അവർകളും മാപ്പ്പ്പാ തിരുമനസ്സിലെ സന്ദർശിക്കുന്നതിലേക്കു റോമായിലേക്കു കപ്പൽ കയറിയിരിക്കുന്നതായും മടങ്ങി വരുന്നതിനു അഞ്ചാറു മാസത്തെ താമസം ഉണ്ടാകുമെന്നും കാണുന്നു.

൧൫. ഇംഗ്ലണ്ടിലെ കുറ പ്രോട്ടസ്റ്റാണ്ടു വൈദികന്മാർ ഫൻഫറ-ൽകത്തോലിക്കാമതത്തിലേക്കു ചേരുകയുണ്ടായി. ഇവർ എം. എ. മുതലായ സർവകലാശാല ബിരുദധാരികളാണ്. ഇവർ കത്തോലിക്കാമതം സ്വീകരിച്ച ശേഷം വൈദികസ്ഥാനത്തിനു വേണ്ട പഠിതവങ്ങൾ പഠിക്കയായിരുന്നു. ഇപ്പോൾ പഠിതവം കഴിഞ്ഞതായും ഇക്കഴിഞ്ഞ മാർച്ചു ൨൫-ാംനു- മാപ്പ്പാ തിരുമനസ്സിലെ സ്റ്റെറ്റസിക്രട്ടറി കർദ്ദിനാൾ മേരിദെൽവാൽ അവർകൾ അവർക്കു പട്ടംകൊടുത്തിരിക്കുന്നതായും ഇക്കൊല്ലാവസാനംവരെ അവർ റോമിൽ താമസിച്ചതിന്റെ ശേഷം തിരിയ്ക്കു ഇംഗ്ലണ്ടിലേക്കു പോകുന്നതാണെന്നും കാണുന്നു.

മരണങ്ങൾ.

ഏഴുപുന്ന പാറയിൽ ഉറുമീസ് കുഞ്ഞുവിരാത്തരകൻ അവർകൾ കഴിഞ്ഞമാസം ൨൫-ാംനു- തിരുവനന്തപുരത്തുവച്ചു വസൂരി ബീനത്താൽ ചരമഗതിയെ പ്രാപിച്ചിരിക്കുന്നതായി അറിയുന്നതിൽ വ്യസനിക്കുന്നു.

മുട്ടുചിറ നീരാക്കൽ ജൊസേപ്പ് മത്തായി അവർകളുടെ ഭാര്യ വെളിയനാട്ടു തോപ്പിൽ അത്തിക്കളത്തിൽ റോസയെന്നസ്ത്രീ തന്റെ ൨൯-മത്തെ വയസ്സിൽ ഈ മേടമാസം ൧൭-ാംനു- തന്റെ ആത്മാവിനെ സൃഷ്ടിതാവിന്റെ തൃക്കൈകളിൽ ഭരമേല്പിച്ചുകൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു.

ഇവരുടെ ആത്മാനുശ്രേയത്തിനു വിശ്വാസികൾ പ്രാർത്ഥിപ്പാറാകേണം.